പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4062 25.06.2014-ൽ മറുപടിക്ക്

പൊതുസ്ഥലമാറ്റം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കെ.ജയചന്ദ്രൻ | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ആരോഗ്യ വകുപ്പിൽ പൊതുസ്ഥല മാറ്റത്തിന് അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; പൊതുസ്ഥലമാറ്റത്തിനായി ഓൺലൈൻ മുഖാന്തിരം അപേക്ഷകൾ ക്ഷണിച്ചത് എന്നാണ്; | (എ) അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. 06.01.2014-നാണ് അപേക്ഷ ക്ഷണിച്ചത്. |
| (ബി) പൊതുസ്ഥലമാറ്റത്തിനുളളവരുടെ കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതുവരെ പ്രസിദ്ധീകരിക്കാതിരിക്കാനിടയായ സാഹചര്യം വിശദമാക്കുമോ; | (ബി) ഏതാനും തസ്തികകളൊഴികെ മറ്റെല്ലാ തസ്തികകളിലെയും സ്ഥലം മാറ്റത്തിനുള്ള കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ചില തസ്തികകളിൽ അപേക്ഷകളൊന്നും സമർപ്പിക്കപ്പെട്ടിട്ടില്ലാത്തതിനാൽ സ്ഥലം മാറ്റം നടത്തേണ്ട ആവശ്യമില്ല. ഒരേ തസ്തികയിൽ തന്നെ ഗ്രേഡ് 2, ഗ്രേഡ്1, സീനിയർ ഗ്രേഡ്, സെലക്ഷൻ ഗ്രേഡ് എന്നിങ്ങനെ വിവിധ വിഭാഗങ്ങളി ലുള്ളവയിൽ ഓൺലൈനായി സമർപ്പി ക്കപ്പെട്ട അപേക്ഷകളിൽ തസ്തിക കൃത്യമായി വ്യക്തമാക്കാത്തതുമൂലം കരട് ലിസ്റ്റ് പ്രസിദ്ധീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. ഓൺലൈൻ സംവിധാനം ആദ്യമായി നടപ്പിലാക്കുന്നതിന്റെ പ്രായോഗിക ബുദ്ധിമുട്ടുകൾ കാരണമാണിങ്ങനെ സംഭവിച്ചത്. കൂടാതെ ലോക്സഭാ തെരഞ്ഞെടുപ്പുവേളയിൽ മാതൃകാ പെരുമാറ്റച്ചട്ടം നിലവിലുണ്ടായിരുന്നതിനാലും സമയ പരിധിയ്ക്കുള്ളിൽ കരട് ലിസ്റ്റ് പ്രസിദ്ധീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. |
| (സി) പൊതുസ്ഥലമാറ്റം അട്ടിമറിക്കാൻ ശ്രമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | |
|---|---|
| (ഡി) പൊതുസ്ഥലമാറ്റം ഏറ്റവും അടിയന്തിരമായി പൂർത്തിയാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ; | (ഡി) കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ചവയിൽ ഏതാനും ചില തസ്തികകളിൽ ഒഴികെ മറ്റെല്ലാ തസ്തികകളിലും അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ബാക്കിയുള്ള തസ്തികകളിൽ കരട് ലിസ്റ്റിൻമേൽ ഉന്നയിച്ചിട്ടുള്ള ആക്ഷേപങ്ങൾ പരിശോധിച്ച് അന്തിമലിസ്റ്റ് അടിയന്തിരമായി പുറപ്പെടുവി-ക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) 2014-ലെ പൊതുസ്ഥലമാറ്റം എത്ര നാളുകൾക്കുള്ളിൽ പൂർത്തിയാക്കാൻ കഴിയും? | (ഇ) നിയമാനുസൃതമായ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് വകുപ്പുതലത്തിൽ നടത്തേണ്ട സ്ഥലംമാറ്റങ്ങൾ ജൂൺ മുപ്പതോടെ പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

Sobhey
സെക്ഷൻ ഓഫീസർ